**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2065** **11-10-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ കാത്ത് ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാത്ത് ലാബ് ആരംഭിക്കുന്ന ആശുപത്രികളുടെ പട്ടികയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന നിലയിലാണ് ഇപ്പോൾ ഈ സംവിധാനം ഒരുക്കി വരുന്നത്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സംവിധാനം നിലവിലുണ്ട്. |
| (ബി) | പുതിയതായി കാത്ത് ലാബ് അനുവദിച്ച ആശുപത്രികളുടെ പേരുവിവരം വിശദമാക്കാമോ; | (ബി) | നിലവിൽ ഹൃദ്രോഗ ചികിത്സയ്ക്കായി സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിൽ ജനറൽ ആശുപത്രി തിരുവന ന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി മഞ്ചേരി, ജനറൽ ആശുപത്രി തൃശ്ശൂർ മെഡിക്കൽ കോളേജ് കൊല്ലം, മെഡിക്കൽ കോളേജ് എറണാകുളം എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. |
| (സി) | കാത്ത് ലാബ് പട്ടികയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് കാത്ത് ലാബ് അനുവദിച്ച് വരുന്നത്. ആയതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ജനറൽ ആശുപത്രി തിരുവനന്തപുരത്ത് പ്രസ്തുത കാത്ത് ലാബ് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ